# O.S.S.A.E.

## വാർഷിക പരീക്ഷ 2015

Class V **06-12-2015 ഞായർ** 2 pm to 4 pm Marks 50

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1-5)** 5

1. യിസ്രായേൽ ജനത്തിന്റെ വളർച്ചയിൽ അസൂയപൂണ്ട രാജാവ്.
   (ശൗൽ, ഫറവോൻ, ഹേരോദാ)
2. 'പെസഹ' എന്ന വാക്കിന്റെ അർത്ഥം.
   (ശുദ്ധീകരിക്കൽ, ഉറച്ചുനിൽക്കുക, കടന്നുപോക്ക്)
3. വി. കൂദാശകളുടെ ആരംഭം എവിടെയാണ്?
   (ക്രിസ്തുവിലാണ്, ദൈവസഭയിലാണ്, റോമിലാണ്)
4. വി. കുർബ്ബാന.
   (ജനം കാഴ്ചക്കാരായി സംബന്ധിക്കുവാനാണ്, ജനത്തിന് കേവലം കേഴ്വിക്കു മാത്രമുള്ള താണ്, ജനത്തിന്റെ ശരീരവും മനസ്സും ആത്മാവും ഒന്നുചേർന്ന് സംബന്ധിക്കുവാനാണ്)
5. ദാവീദുരാജാവ് ദൈവത്തെ നല്ല ഇടയനായി വാഴ്ത്തുന്ന സങ്കീർത്തനമാണ്
   (23-ാം സങ്കീർത്തനം, 51-ാം സങ്കീർത്തനം, 119-ാം സങ്കീർത്തനം)

**പൂരിപ്പിക്കുക (6-10)** 5

6. സൺഡേസ്കൂൾ 5-ാം ക്ലാസ്സ് ......................... വിഭാഗമാണ്.
7. മോശ തന്റെ വടികൊണ്ട് നദിയെ അടിച്ചപ്പോൾ നദിയിലെ വെള്ളം .............................. ആയി മാറി.
8. യേശു തന്റെ ജനത്തെ പഠിപ്പിക്കുവാൻ പറഞ്ഞിരുന്ന കഥകളെ ....................... എന്നാണ് വിളിച്ചിരുന്നത്.
9. ദൈവമേ .......................... വീണ വിത്തുപോലെ ഫലം തരുവാൻ ഞങ്ങളെ ഒരുക്കേണമെ.
10. മറ്റുള്ളവരെ വിനയപൂർവ്വം ബഹുമാനിക്കുന്നതും ............................ അവരോട് പെരുമാറുന്നതുമാണ് നല്ല ശീലം.

**ചേരുംപടി ചേർത്തെഴുതുക (11-15)** 5

11. മോശയും ഏലിയാവും - ചെങ്കടൽ
12. മാർത്തോമ്മശ്ലീഹ - പരിശുദ്ധാത്മാവ്
13. കർഷകൻ - മൂന്നു കുടിലുകൾ
14. മർക്കോസിന്റെ മാളിക - ഏഴരപ്പള്ളികൾ
15. മോശ - വിത്ത്

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (16-20)** 10

16. അപ്പോസ്തോലികസഭയുടെ പ്രത്യേകതകൾ എന്തെല്ലാം?
17. ഏതെല്ലാം ഭവനങ്ങളിൽനിന്നാണ് തോമ്മാശ്ലീഹാ വൈദികരെ നിയമിച്ചത്?
18. നമ്മുടെ വി. കുർബ്ബാനയിൽ ആരെല്ലാം സമ്മേളിക്കുന്നുവെന്നാണ് നാം വിശ്വസിക്കുന്നത്?
19. "നിങ്ങൾ ഭൂമിയുടെ ഉപ്പും വെളിച്ചവുമാകുന്നു." ഉപ്പ് എന്തിനെ സൂചിപ്പിക്കുന്നു?
20. കർത്തൃപ്രാർത്ഥനയിൽ അവസാനത്തെ മൂന്ന് അപേക്ഷകൾ ഏതെല്ലാം?

**താഴെ പറയുന്ന വാചകങ്ങൾ ആരു പറഞ്ഞു എന്നെഴുതുക (21-25)** 5

21. നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽനിന്നും ചെരിപ്പ് അഴിച്ചുകളയുക.
22. ഗുരോ നാം ഇവിടെ ആയിരിക്കുന്നതു നല്ലത്.

23. ഈ പൈതലിനു പാൽകൊടുത്തു വളർത്തുവാൻ ഒരു എബ്രായ സ്ത്രീയേ വിളിച്ചുകൊണ്ടു വരണമോ?
24. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു.
25. യോഹന്നാൻ തന്റെ ശിഷ്യന്മാരേ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമെ.

**തെറ്റോ ശരിയോ എന്നെഴുതുക (26-30)** 5

26. ദൈവത്തിന്റെ ആജ്ഞ അനുസരിച്ച് മോശ കൈ മാർവ്വിടത്തുവച്ചപ്പോൾ കൈ കുഷ്ഠമുള്ളതായി.
27. മോശയും അഹറോനും കനാൻദേശത്തു ചെന്നുചേർന്നു.
28. ഏറെ മണ്ണില്ലാത്തിടത്തു വീണ വിത്തിൽനിന്നും കുറച്ചു ഫലം ലഭിച്ചു.
29. പ്രകാശമുള്ള മേഘം ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു.
30. മലയുടെ മുകളിൽ കൂടാരമുണ്ടാക്കാമെന്ന് പത്രോസ് ചിന്തിച്ചു.

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (31-35)** 5

31. മാർ ഗീവർഗീസ് സഹദായുടെ പേരിലുള്ള രണ്ടു പ്രശസ്ത ദേവാലയങ്ങൾ.
32. വി. യൗസേഫിനോട് ദൈവത്തിന്റെ ദൂതൻ സ്വപ്നത്തിൽ അറിയിച്ചതെന്ത്?
33. അബ്രഹാമിന്റെ ആതിഥ്യത്തിനു ലഭിച്ച അനുഗ്രഹമെന്ത്?
34. ശൂനോയോ അഥവാ വാങ്ങിപ്പുപെരുന്നാൾ.
35. ആദിമസഭ ശെമ്മാശന്മാരെ തെരഞ്ഞെടുത്തതെന്തിന്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36-39)** 4

ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. വാതിലിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയനാകുന്നു. അവനു വാതിൽ കാവൽക്കാരൻ തുറന്നുകൊടുക്കുന്നു; ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേരു ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ എല്ലാം പുറത്തുകൊണ്ടുപോയശേഷം അവൻ അവയ്ക്കു മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ട് ഓടിപ്പോകും. ഈ സാദൃശ്യം യേശു അവരോടു പറഞ്ഞു.

36. ആടുകളുടെ ഇടയൻ ആരാണ്?
37. നല്ല ഇടയൻ ആടുകളെ പുറത്തുകൊണ്ടുപോകുന്നതെങ്ങനെ?
38. ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാത്തവൻ ആരാണ്?
39. ആടുകൾ ഇടയനെ അനുഗമിക്കുന്നത് എന്തുകൊണ്ട്?

**പ്രാർത്ഥന പൂരിപ്പിക്കുക** 3

40. പാപികളോടു ............................ കർത്താവേ ............................ ദിവസത്തിൽ.......................... ചെയ്യണമേ.
കരുണയുള്ളവനേ .......................... മുട്ടുന്നു. നിന്റെ കരുണയാൽ .......................... നൽകണമേ.

**ഗീതം പൂർണ്ണമാക്കുക** 3

41. ഭൂവിലശേഷം ...............................
ശ്ലീഹന്മാർ പോയ്
..........................................................
..........................................................
നല്ലേവൻ ഗേല്യോൻ
..........................................................
..........................................................
സ്വർഗ്ഗമഹാരാജ്യം.